പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *286 | 16.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അംഗൻവാടികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി**<br>**" പി.സി.വിഷ്ണുനാഥ്**<br>**" എം.എ.വാഹിദ്**<br>**" ഹൈബി ഈഡൻ** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) മാതൃകാ അംഗൻവാടികളുടെ നിർമ്മാണത്തിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഓരോ അങ്കണവാടി വീതം മാതൃകാ അങ്കണവാടിയാക്കി ഉയർത്തി, 23.75 ലക്ഷം രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) സംസ്ഥാനത്തെ സംയോജിത ശിശു വികസന സേവന പദ്ധതിയുടെ കീഴിൽ ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആകെ 140 നിയോജകമണ്ഡലത്തിൽ 10 സെന്റ് സ്ഥലത്തിനകത്ത് രണ്ട് നിലകളിലായി 1584 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് മാതൃകാ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നത്. ക്ലാസ് റൂം, അടുക്കള, വയോജനങ്ങൾക്കുള്ള പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, വർക്ക് ഏര്യാ, കുടിവെള്ളം, സാനിട്ടേഷൻ, ഇലക്ട്രിഫിക്കേഷൻ, അമ്മമാരുടെ യോഗങ്ങൾ, കുമാരി ക്ലബ്ബുകൾ, ഇമ്മ്യൂണൈസേഷൻ എന്നീ സൗകര്യങ്ങളും, വൃദ്ധർക്കുള്ള വായനാമുറി മറ്റു വിവിധ വകുപ്പുകളുമായി ഏകോപിച്ച് നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ എന്നീ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തിലാണ് മാതൃകാ അങ്കണവാടി നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്നത്. മാതൃകാ അങ്കണവാടികളിൽ 3 തലമുറകൾക്ക് അതായത് കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ/സ്ത്രീകൾ, വയോജനങ്ങൾ എന്നിവർക്ക് വിവിധ സേവനങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) മാതൃകാ അങ്കണവാടികൾ നിർമ്മിക്കുന്നതിന് ചുരുങ്ങിയത് 10 സെന്റ് ഭൂമിയും ബന്ധപ്പെട്ട എം.എൽ.എ-യുടെ ശുപാർശയും ലഭിക്കുന്നതനുസരിച്ച് ഭരണാനുമതി നൽകുന്നുണ്ട്. നിലവിൽ 115 അങ്കണവാടികളെ മാതൃകാ അങ്കണവാടികളാക്കി ഉയർത്തി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 51 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞു. ശേഷിക്കുന്നവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിംഗ് മുഖാന്തിരമാണ് മാതൃകാ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ